## പതിനാലാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം **നമ്പർ : * 255** **06.10.2016** ൽ മറുപടിയ്ക്ക്

### ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

**ചോദ്യം**

**ശ്രീ.എം.എം. മണി**
**ശ്രീ.കെ.വി.വിജയദാസ്**
**ശ്രീ.വി. അബ്ദുറഹിമാൻ**
**ശ്രീ. സി.കെ. ശശീന്ദ്രൻ**

**മറുപടി**

**ശ്രീ.ഇ. ചന്ദ്രശേഖരൻ**
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | മുൻ സർക്കാർ പ്രഖ്യാപിച്ചിരുന്ന 'ഭൂരഹിതരില്ലാത്ത കേരളം'എന്ന പദ്ധതി അവലോകനം ചെയ്തിരുന്നോ; വിശദാംശം നൽകാമോ; | ഭൂരഹിതരില്ലാത്ത കേരളം പദ്ധതി അവലോകനം ചെയ്തിരുന്നു. ഭൂരഹിത കുടുംബങ്ങൾക്ക് വീട് വയ്ക്കുന്ന ആവശ്യത്തിലേയ്ക്കായി ഭൂമി പതിവ് ചട്ടങ്ങളിൽ പ്രതിപാദിക്കുന്ന നടപടികൾ സ്വീകരിച്ചു കൊണ്ട് മൂന്ന് സെന്റ് ഭൂമി വീതം പതിച്ച് കൊടുക്കുന്ന പദ്ധതിയാണിത്. പദ്ധതി പ്രകാരം ഭൂമി ലഭിക്കുന്നതിന് ലഭിച്ചിരുന്ന അപേക്ഷകളിൽ നിന്ന് തെരഞ്ഞെടുത്തിട്ടുള്ള ഗുണഭോക്താക്കളുടെ വില്ലേജ് തല ലിസ്റ്റ് തയ്യാറാക്കിയിരുന്നു. 58,398 ഗുണഭോക്താക്കൾക്ക് സംസ്ഥാനതലത്തിൽ പദ്ധതി പ്രകാരം പട്ടയം അനുവദിച്ചിരുന്നു. ഇവർക്ക് ഭൂമി കൈമാറുന്ന നടപടി പുരോഗമിച്ച് വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നതുപോലെ ഭൂരഹിതർ ക്കെല്ലാം കുറഞ്ഞത് മൂന്ന് സെന്റ് ഭൂമിയെങ്കിലും ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നതു പോലെ ഭൂരഹിത കുടുംബങ്ങളായ ഗുണഭോക്താക്കളിൽ മുഴുവൻ പേർക്കും 3സെന്റ് ഭൂമി വീതം ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല. 2,43,928 കുടുംബങ്ങളെയാണ് ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിരുന്നത്. ഇതിൽ 58,398 കുടുംബങ്ങൾക്ക് പദ്ധതിയുടെ ആനുകൂല്യം അനുവദിക്കാൻ കഴിഞ്ഞിരുന്നു. അവർക്ക് ഭൂമി കൈമാറുന്ന നടപടി പൂർത്തിയായി വരുന്നു. |
| (സി) | ഈ സർക്കാർ ഭൂരഹിതരുടെ പ്രശ്നം സമയബന്ധിതമായി പരിഹരിക്കാനായി ഏതെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം നൽകാമോ? | പദ്ധതിയിൽ അവശേഷിക്കുന്ന ഗുണഭോക്താക്കളിൽ അർഹരായ ഭൂരഹിത കുടുംബങ്ങൾക്ക് വീട് വയ്ക്കുന്ന ആവശ്യത്തിലേയ്ക്ക് 3 സെന്റ് ഭൂമി വീതം നൽകാൻ നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ